# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/30/2018 2018 ഫെബ്രുവരി 9

## <u>പത്രക്കുറിപ്പ്</u>

### <u>ആറും നാലും സെമസ്റ്റർ യു.ജി. അപേക്ഷാ തീയതി</u>

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. 2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ മാർച്ച് 16നും നാലാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ/2013 – 2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ഏപ്രിൽ 3നും ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 26 വരെയും സ്വീകരിക്കും. അപേക്ഷാഫോമിന്റെ വിലയായി 20 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി റഗുലർ വിദ്യാർത്ഥികൾ സെമസ്റ്റർ ഒന്നിന് 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. 2016 & 2015 അഡ്മിഷനിലുള്ള ആറും നാലും സെമസ്റ്റർ (റഗുലർ & റീഅപ്പിയറൻസ്) വിദ്യാർത്ഥികളുടെ അപേക്ഷകൾ കോളേജുകളിൽ നിന്നും ഓൺലൈനായി ഫെബ്രുവരി 26നകം സമർപ്പിക്കണം. 2013 & 2014 അഡ്മിഷൻ റീഅപ്പിയറൻസ് വിദ്യാർത്ഥികൾ അപേക്ഷകൾ നേരിട്ട് സർവ്വകലാശാലയിൽ സമർപ്പിക്കണം. ഇവർ 50 രൂപ രജിസ്ട്രേഷൻ ഫീസായും പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം. ഇന്റേണൽ റീഡു വിദ്യാർത്ഥികൾ പേപ്പറൊന്നിന് 100 രൂപയും മാർക്ക് ലിസ്റ്റിന് 25 രൂപയും ഫീസടയ്ക്കണം. ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് ആദ്യമായി അപേക്ഷിക്കുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 100 രൂപയും ഗ്രേഡ് കാർഡ് ഫീസായി 100 രൂപയും അടയ്ക്കേണ്ടതാണ്. ആറാം സെമസ്റ്ററിൽ പ്രോജക്ട് മൂല്യനിർണ്ണയം നടത്തേണ്ടവർ അതിനുള്ള ഫീസായി 100 രൂപയും അടയ്ക്കണം. അപേക്ഷാഫോമുകൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ് epay.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഇപേയ്മെന്റായി അടയ്ക്കണം.

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (പഴയ സ്കീം, 2000 – 2011 അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് അനുവദിച്ച അവസാന മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 16 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. സ്പെഷ്യൽ ഫീസായി 10000 രൂപ പരീക്ഷാഫീസിനൊപ്പം അടയ്ക്കണം. പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

### <u>പരീക്ഷാ തീയതി</u>

ഫെബ്രുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.സി.ജെ./എം.എസ്.ഡബ്ല്യു/എം.ടി.എ. (സി.എസ്.എസ്. – 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 21ന് ആരംഭിക്കും. ഇന്റേണൽ മാർക്കുകൾ നിശ്ചിതസമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെബ്രുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. (സി.എസ്.എസ്., 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 21ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ഇന്റേണൽ മാർക്കുകൾ നിശ്ചിതസമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2008 ഫെബ്രുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്. 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 21ന് ആരംഭിക്കും. ഇന്റേണൽ മാർക്കുകൾ നിശ്ചിതസമയത്തിനുള്ളിൽ അപ്‌ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പ്രാക്ടിക്കൽ</u>**

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>എം.എ. ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ്) വൈവാവോസി</u>**

2017 ഡിസംബർ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി 14ന് എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>എം.എസ്.സി. മാത്തമാറ്റിക്സ് (പ്രൈവറ്റ്): വൈവാവോസിയും പ്രോജക്ട് മൂല്യനിർണ്ണയവും</u>**

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (പ്രൈവറ്റ് പഠനം) ഡിഗ്രി പരീക്ഷയുടെ വൈവാവോസിയും പ്രോജക്ട് മൂല്യനിർണ്ണയവും ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് എന്നീ കേന്ദ്രങ്ങളിൽവച്ച് ഫെബ്രുവരി 12ന് രാവിലെ 9 മുതൽ വൈകീട്ട് 3.30 വരെ നടത്തുന്നതാണ്. പാലാ സെന്റ് തോമസ് കോളേജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ്, കോട്ടയം സി.എം.എസ്. കോളേജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളവർ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലും, ആലുവ യു.സി. കോളേജ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളവർ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലും വൈവാവോസിയ്ക്ക് ഹാജരാകണം. വൈവാവോസിയ്ക്ക് ഹാൾ ടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പുനർമൂല്യനിർണ്ണയ അപേക്ഷകൾ</u>**

2017 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. - മോഡൽ ഒന്ന്, രണ്ട്, മൂന്ന് - 2016 അഡ്മിഷൻ റഗുലർ, 2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 14 വരെ അപേക്ഷിക്കാവുന്നതാണ്.

**<u>എം.ഫിൽ പ്രവേശന പരീക്ഷ</u>**

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിൽ എം.ഫിൽ (എൻവയോൺമെന്റൽ മാനേജ്മെന്റ്) കോഴ്സ് പ്രവേശനത്തിനുള്ള എഴുത്തുപരീക്ഷ ഫെബ്രുവരി 14ന് രാവിലെ 10.30ന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ വച്ചു നടത്തുന്നതാണ്.

**<u>സംവരണ സീറ്റൊഴിവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ പ്രോഗ്രാമിന് എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്. നിർദ്ദിഷ്ട യോഗ്യതയുള്ള അപേക്ഷകർ എല്ലാ അസ്സൽ രേഖകളുമായി ഫെബ്രുവരി 16ന് വൈകീട്ട് 4 മണിക്ക് മുമ്പ് നേരിട്ട് സ്കൂൾ ഓഫീസിൽ ഹാജരാകേണ്ടതാണ്. ഫീസിളവുകൾ എം.ഫിൽ പ്രോഗ്രാമിന് ബാധകമല്ല. ഫോൺ: 0481 – 2731043.

**ബി.എഡ്. അക്കാദമിക കലണ്ടർ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ട്രെയിനിംഗ് കോളേജുകളിൽ നടത്തുന്ന ബി.എഡ്. പ്രോഗ്രാമിന്റെ 2017-2019 ബാച്ചിന്റെ അക്കാദമിക കലണ്ടർ പ്രസിദ്ധപ്പെടുത്തി. വിശദാംശങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

**ബി.എഡ്./എം.എഡ്. ഉത്തരക്കടലാസ്**

2018 ജനുവരിയിൽ നടന്ന ഒന്നും മൂന്നും സെമസ്റ്റർ ബി.എഡ്./എം.എഡ്. (2017 റഗുലർ/2015-2016 സപ്ലിമെന്ററി), നാലാം സെമസ്റ്റർ ബി.എഡ്. (സ്പെഷ്യൽ എജ്യൂക്കേഷൻ ലേണിംഗ് - ഡിസെബിലിറ്റി, 2015 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ ബി.എഡ്. (സ്പെഷ്യൽ എജ്യൂക്കേഷൻ - ലേണിംഗ് & ഇന്റലെക്ചൽ ഡിസെബിലിറ്റി, 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി ഫെബ്രുവരി 14നുള്ളിൽ സർവ്വകലാശാലയിൽ സിൽവർ ജൂബിലി പരീക്ഷാഭവനിൽ പ്രവർത്തിക്കുന്ന മൂല്യനിർണ്ണയക്യാമ്പിൽ എത്തിക്കേണ്ടതാണ്.

**പരീക്ഷാഫലം**

2017 ഏപ്രിൽ മാസം നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി.സി.എ. (ഓഫ് കാമ്പസ് - സി.ബി.സി.എസ്.എസ്. - സപ്ലിമെന്ററി), ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.സി.എ. (ഓഫ് കാമ്പസ് - പ്രീ സി.ബി.സി.എസ്.എസ്. - സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 22 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഇൻഫർമേഷൻ ടെക്നോളജി (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് (സപ്ലിമെന്ററി), എം.എസ്.സി. സ്റ്റാറ്റിസ്റ്റിക് (അപ്ലൈഡ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ ഒന്നും രണ്ടും, നാലും ആറും സെമസ്റ്റർ ബി.ആർക് (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസം നടത്തിയ ഒന്നാം സെമസ്റ്റർ - എം.എസ്.സി. ടെക്സ്റ്റൈൽസ് & ഫാഷൻ (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്), എം.എസ്.സി. അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ, എം.എസ്.സി. ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**